## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6375 — 03.04.2018-ന് മറുപടിയ്ക്ക്

## വനമേഖലയുടെ വിസ്തീർണ്ണം

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

ശ്രീ.കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനഭൂമി കയ്യേറ്റം കാരണം വനവിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കയ്യേറിയ ഭൂമി തിരിച്ചു പിടിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | കയ്യേറിയ ഭൂമി തിരിച്ചു പിടിക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.15 ലെ ഒ.പി.നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br>ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് വനമേഖലയുടെ വിസ്തീർണ്ണവും നിബിഡ വനത്തിന്റെ വിസ്തീർണ്ണവും എത്രയാണെന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് വനമേഖലയുടെ ആകെ വിസ്തീർണ്ണം 11309.5032 ച.കി.മീറ്ററും, അതിൽ നിബിഡ വനത്തിന്റെ വിസ്തീർണ്ണം 8852.8761 ച.കി.മീറ്ററുമാണ്. |

സെക്ഷൻ ഓഫീസർ